## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2019

07.03..2017 ൽ മറുപടിയ്ക്ക്

### കാരണം കാണിക്കൽ നോട്ടീസ്

| ചോദ്യം<br>ശ്രീ. പാറയ്ക്കൽ അബ്ദുള്ള | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നിയമ വിരുദ്ധമായ നടപടികൾക്ക് ജയിൽ വകുപ്പിലെ രണ്ട് ഉന്നതതല ഉദ്യോഗസ്ഥൻമാർക്ക് ജയിൽ മേധാവി ഇതിനകം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;<br>(ബി) ഏതൊക്കെ ഉദ്യോഗസ്ഥൻമാർക്കാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത്;<br>(സി) എന്തൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ഇവരോട് വിശദീകരണം ചോദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ? | (എ) (ബി) & (സി)<br>ചീമേനി തുറന്ന ജയിലിൽ ഗോപൂജ നടത്തിയതുമായി ബന്ധപ്പെട്ട് ചീമേനി തുറന്ന ജയിൽ സൂപ്രണ്ടിനോട് ജയിൽ മേധാവി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അസി. പ്രിസൺ ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട കായിക ക്ഷമതാ പരീക്ഷ ഒരിക്കൽകൂടി നടത്തുന്നത് സംബന്ധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതിന് പി.എസ്.സി.യിൽ കത്ത് നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഔദ്യോഗിക വസതിയിലെ താമസം സംബന്ധിച്ച വിഷയത്തിന്മേലും ജയിൽ ഐ.ജി. യോട് ജയിൽ മേധാവി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ